# Official Spokesperson's response to media queries regarding the statement made by the Spokesperson of the Office of the High Commissioner for Human Rights (OHCHR) on specific incidents in Jammu and Kashmir

December 02, 2021

**ജമ്മു കശ്മീരിലെ പ്രത്യേക സംഭവങ്ങളെക്കുറിച്ച് മനുഷ്യാവകാശ ഹൈക്കമ്മീഷണറുടെ (OHCHR) ഓഫീസ് വക്താവ് നടത്തിയ പ്രസ്താവന സംബന്ധിച്ചുള്ള മാധ്യമഅന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**

ഡിസംബർ 02, 2021

---

**ജമ്മു കശ്മീരിലെ പ്രത്യേക സംഭവങ്ങളെക്കുറിച്ച് മനുഷ്യാവകാശ ഹൈക്കമ്മീഷണറുടെ (OHCHR) ഓഫീസ് വക്താവ് നടത്തിയ പ്രസ്താവന സംബന്ധിച്ചുള്ള മാധ്യമഅന്വേഷണങ്ങൾക്ക്, ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.**

"ജമ്മു കശ്മീരിലെ പ്രത്യേക സംഭവങ്ങളെക്കുറിച്ച് മനുഷ്യാവകാശ ഹൈക്കമ്മീഷണറുടെ (OHCHR) ഓഫീസ് വക്താവ് നടത്തിയ പ്രസ്താവന ഞങ്ങൾ കണ്ടു.

ഇന്ത്യയിലെ നിയമ നിർവ്വഹണ അധികാരികൾക്കും സുരക്ഷാ സേനയ്ക്കുമെതിരെ അടിസ്ഥാനരഹിതവും വാസ്തവരഹിതവുമായ ആരോപണങ്ങളാണ് പ്രസ്താവന ഉന്നയിക്കുന്നത്.

അതിർത്തി കടന്നുള്ള ഭീകരതയിൽ നിന്ന് ഇന്ത്യ നേരിടുന്ന സുരക്ഷാ വെല്ലുവിളികളെക്കുറിച്ചും ജമ്മു കശ്മീരിലുൾപ്പെടെയുള്ള നമ്മുടെ പൗരന്മാരുടെ ഏറ്റവും മൗലികാവകാശമായ 'ജീവിക്കാനുള്ള അവകാശത്തിൽ' അത് ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും OHCHR-ന്റെ പൂർണ്ണമായ ധാരണയില്ലായ്മയും ഇത് കാണിക്കുന്നു.

നിരോധിത ഭീകര സംഘടനകളെ 'സായുധ സംഘങ്ങൾ' എന്ന് പരാമർശിക്കുന്നത് OHCHR-ന്റെ ഭാഗത്ത് വ്യക്തമായ പക്ഷപാതമാണ് കാണിക്കുന്നത്.

ഒരു ജനാധിപത്യ രാജ്യമെന്ന നിലയിൽ, പൗരന്മാരുടെ മനുഷ്യാവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രതിബദ്ധതയോടെ തന്നെ,

അതിർത്തി കടന്നുള്ള ഭീകരതയെ നേരിടാൻ ആവശ്യമായ എല്ലാ നടപടികളും ഇന്ത്യ സ്വീകരിക്കുന്നുണ്ട് .

ഇന്ത്യയുടെ പരമാധികാരം സംരക്ഷിക്കുന്നതിനും പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി 1967 ലെ നിയമവിരുദ്ധ പ്രവർത്തന (തടയൽ) നിയമം (UAPA) പോലെയുള്ള ദേശീയ സുരക്ഷാ നിയമനിർമ്മാണങ്ങൾ പാർലമെന്റ് നടപ്പിലാക്കുകയും ചെയ്തിരിക്കുന്നു.

പ്രസ്താവനയിൽ പരാമർശിച്ചിരിക്കുന്ന വ്യക്തിയുടെ അറസ്റ്റും തുടർന്നുള്ള തടങ്കലും പൂർണ്ണമായും നിയമ വ്യവസ്ഥകൾ പ്രകാരമാണ്.

ഇന്ത്യയിലെ അധികാരികൾ നിയമലംഘനങ്ങൾക്കെതിരെയാണ് പ്രവർത്തിക്കുന്നത്, അല്ലാതെ അവകാശങ്ങളുടെ നിയമാനുസൃതമായ വിനിയോഗത്തിനെതിരെയല്ല. അത്തരം എല്ലാ നടപടികളും കർശനമായി നിയമത്തിന് അനുസൃതമാണ്.

മനുഷ്യാവകാശങ്ങളിൽ തീവ്രവാദം ചെലുത്തുന്ന പ്രതികൂല സ്വാധീനത്തെക്കുറിച്ച് കൂടുതൽ നന്നായി മനസ്സിലാക്കാൻ ഞങ്ങൾ OHCHR-നോട് അഭ്യർത്ഥിക്കുകയാണ് .

**ന്യൂ ഡെൽഹി**
**ഡിസംബർ 2, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.